**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 28 വെള്ളി**

# തദ്ദേശ ഭരണ തിരഞ്ഞെടുപ്പ്; അഞ്ചിൽ മുന്നിടത്ത് എൽ.ഡി.എഫ് സ്ഥാനാർഥികൾക്ക് ജയം

ആലപ്പുഴ: ജില്ലയിൽ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ മൂന്നിടത്ത് എൽ.ഡി.എഫ് സ്ഥാനാർഥികളും ഓരോ വാർഡ് വീതം യു.ഡി.എഫും ബി.ജെ.പിയും നേടി. കായംകുളം നഗരസഭയിലെ വെയർഹൗസ് വാർഡിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ കൊച്ചുകോട്ടയ്ക്കകത്ത് തറയിൽ എ.ഷിജി 509 വോട്ടുകൾ നേടി വിജയിച്ചു. 73 വോട്ടുകളുടെ ഭുരിപക്ഷത്തിനാണ് വിജയിച്ചത്.ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അനീസ് കലാം 436 വോട്ടും ഭാരതീയ ജനതാപാർട്ടിയുടെ പ്രദീപ് കുമാർ അറ് വോട്ടും സ്വതന്ത്രൻ സഫീർ സുബൈർ 33 വോട്ടും നേടി. ചേർത്തല നഗരസഭയിലെ ടി.ഡി. അമ്പലം വാർഡിൽ ഭാരതീയ ജനതാ പാർട്ടിയിലെ വെള്ളിപറമ്പിൽ വി.എ.സുരേഷ്കുമാർ 333 വോട്ട് നേടി 38 വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചു. കോൺഗ്രസ് ഐയിലെ മുരളീധര ഷേണായി 295 വോട്ടും സ്വതന്ത്രൻ പ്രദീപ്കുമാർ 103 വോട്ടും നേടി.
മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് വെട്ടിയാർ ഡിവിഷനിൽ കോൺഗ്രസ് ഐയിലെ സുരേഷ്കുമാർ കളീയ്ക്കൽ 3146 വോട്ട് നേടി 954 വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ചു.സി.പി.എമ്മിലെ ഓമനക്കുട്ടിയമ്മയ്ക്ക് 2192 വോട്ടും ബി.ജെ.പിയിലെ സുനിൽ വെട്ടിയാറിന് 1796 വോട്ടും ലഭിച്ചു.
കുത്തിയതോട് ഗ്രാമപഞ്ചായത്ത് മുത്തുപറമ്പ് വാർഡിൽ സി.പി.ഐയിലെ കെ.എസ്.ഷിയാദ് 378 വോട്ട് നേടി 76 വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചു.ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ എം.കമാൽ 302 വോട്ടും ബി.ജെ.പിയിലെ വി.ആർ.ബൈജു 264 വോട്ടും നേടി.
പാലമേൽ ഗ്രാമപഞ്ചായത്തിൽ മുകുളവിള വാർഡിൽ സി.പി.എമ്മിലെ പണയിൽ രോഹിണിയിൽ ധർമപാലൻ 594 വോട്ട് നേടി 176 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചു. കോൺഗ്രസ് ഐയിലെ അനിൽകുമാർ 418 വോട്ടും ബി.ജെ.പിയിലെ ആദർശ് ലാൽ 67 വോട്ടും നേടി.

# ഞാറ്റുവലേ ചന്തയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി അശ്വതി ഞാറ്റുവേല മുതൽ തിരുവാതിര ഞാറ്റുവേല വരെ നീണ്ടു നൽക്കുന്ന കാലയളവിൽ പ്രത്യേക കർഷകസഭയും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കുന്നു. 2019-20 വർഷത്തെ ഞാറ്റുവേല ചന്തയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ജൂൺ 29) രാവിലെ ഒമ്പതിന് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യും. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഭാ മധു അധ്യക്ഷത വഹിക്കും. ആത്മ പ്രോജക്ട് ഡയറക്ടർ എലിയാമ്മ വി.ജോൺ പദ്ധതി വിശദീകരണം നടത്തും. ജില്ല പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ സിന്ധു വിനു, ജില്ല പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ അഡ്വ. കെ.റ്റി മാത്യു, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ വിജയകുമാരി, മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി പ്രിയേഷ്കുമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ലത.ജി.പണിക്കർ, കൃഷി ഡപ്യൂട്ടി ഡയറക്ടർ (ട്രെയിനിങ്) ജോർജ്ജ്.കെ.മത്തായി, കൃഷി ഡപ്യൂട്ടി ഡയറക്ടർ ഷേർളി ജോസ് എന്നിവർ പങ്കെടുക്കും.

# ലോകായുക്ത സിറ്റിങ് എട്ട്മുതൽ

ആലപ്പുഴ: ലോകായുക്ത ജൂലൈ മാസം തൃശ്ശൂർ , കോട്ടയം ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തും. 8, 9,10 തിയതികളിൽ തൃശൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സിങ്കിൾ /ഡിവിഷൻ ബഞ്ച് സിറ്റിങ് നടക്കും. 11,12 തിയതികളിൽ കോട്ടയം കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ സിങ്കിൾ/ഡിവിഷൻ ബഞ്ച് സിറ്റിങ് നടക്കും. പ്രസ്തുത ദിവസം നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# ലേണിങ് ഡിസബിലിറ്റി കോഴ്സ്

ആലപ്പുഴ: സ്റ്റേറ്റ് റിസോഴ്സ് സെൻററിന് കീഴിൽ പ്രവർത്തിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ മാനേജ്മെൻറ് ഓഫ് ലേണിങ് ഡിസബിലിറ്റി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പന്ത്രണ്ടാം ക്ലാസ് യോഗ്യത. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തപ്പെടുന്ന കോഴ്സാണ്. 2019 ജൂലൈ ബാച്ചിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സ്കൂൾ അധ്യാപകർ, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ, സൈക്കോളജിസ്റ്റ്, എഡ്യുക്കേഷൻ തെറാപ്പിസ്റ്റ് എന്നിവർക്ക് മുൻഗണന.കോഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ www.src.kerala.gov.in /www.srccc.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2019 ജൂലൈ 15.

# വാഹനം വാടകയ്ക്ക്

ആലപ്പുഴ: ആലപ്പുഴ ടൗൺ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസുകളിലേക്ക് ഒരുവർഷ കാലയളവിൽ ഡ്രൈവർസഹിതം 10 വർഷത്തിൽ താഴെ പഴക്കമുള്ള 1500 ക്യൂബിക് കപ്പാസിറ്റിയോ അതിൽകൂടുതലോ ഉള്ള ജീപ്പ്/തത്തുല്യ വാഹനം കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് നൽകുന്നതിനുള്ള അവസാന തീയതി 2019 ജൂലൈ 11 മൂന്നു വരെയാണ്. ദർഘാസുകൾ ഡപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സർക്കിൾ ആലപ്പുഴ-688007 എന്ന വിലാസത്തിൽ നൽകണം.ഫോൺ: 0477 2245602, 9496008413.